ഭരണഭാഷ - മാതൃഭാഷ

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. ഡിബി3-753/2013/സിഇ/തസ്വഭവ** **തീയതി 04/01/2020**

# പരിപത്രം

വിഷയം : ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം മുഖാന്തിരം ബിൽ മാറുന്നത് - സംബന്ധിച്ച്

സൂചന : 21.10.2020-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനം നം. 3.2

പല തദ്ദേശഭരണ സ്ഥാപനങ്ങളും 2019-20-ലെ പ്രവൃത്തികളുടെ ബിൽ മാറുന്നതിന് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം തെരഞ്ഞെടുത്തിട്ടുണ്ട്. ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഉപയോഗിച്ച് ബാങ്കുകളിൽ നിന്നു മാറിയ തുക ഇതിനകം അതതു ബാങ്കുകൾക്ക് ധനവകുപ്പ് നൽകിയിട്ടുണ്ട്. എന്നാൽ ഇങ്ങനെ മാറിയ തുക മിക്ക തദ്ദേശഭരണ സ്ഥാപനങ്ങളും ധനവകുപ്പ് നിർദ്ദേശപ്രകാരം ക്രമപ്പെടുത്തിയിട്ടില്ല. ഈ പ്രകൃയ പൂർത്തിയാക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശം 28.05.2020-ലെ GO(P) 68/2020/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും സസ്പെൻസി ഹെഡിലേയ്ക്ക് ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്യേണ്ടതാണ്. ഇത് വെർച്ചലായി ചെയ്യുന്ന ഒരു നടപടിക്രമം ആണ്. ഇതുവഴി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിതത്തിൽ കുറവ് വരുന്നതല്ല. എന്നാൽ ഈ പ്രക്രിയ പൂർത്തിയാക്കുക എന്നത് ധനമാനേജ്മെന്റിൽ അനിവാര്യമാണ്. അതിനാൽ ഈ പ്രക്രിയ ഒട്ടും കാലതാമസം കൂടാതെ പൂർത്തിയാക്കുക എന്നത് അതതു നിർവഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ചുമതലയാണ്.

എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം അവലംബിക്കുന്നുണ്ടെങ്കിൽ ആയതിനെ സംബന്ധിക്കുന്ന വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി പഞ്ചായത്ത് ഡയറക്ടർക്ക് നൽകുന്നതിലേയ്ക്ക്

എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും സെക്രട്ടറിയ്ക്ക് നൽകേണ്ടതാണ്, ആയതിന്റെ പകർപ്പ് അറിവിലേയ്ക്കായി ഈ കാര്യാലയത്തിലേയ്ക്ക് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നു. കൂടാതെ സസ്പെൻസ് ഹെഡിലേയ്ക്ക് ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്യുന്നതിന് അധിക തുക ആവശ്യമുണ്ടെങ്കിൽ അതിന്റെ വിശദാംശം ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളും ക്രോഡീകരിച്ച് പഞ്ചായത്ത് ഡയറക്ടർ / നഗരകാര്യ ഡയറക്ടർ / ഗ്രാമവികസന കമ്മീഷണർ എന്നിവർ മുഖേന ധനവകുപ്പിന് നൽകുന്നതിനായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർക്ക് നൽകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്, ജില്ല, അധികമായി ആവശ്യമുള്ള തുക ഇനം തിരിച്ച് എന്നിവയടക്കമുള്ള വിവരങ്ങളാണ് നൽകേണ്ടത് എന്നുള്ള നിർദ്ദേശം നൽകുന്നു.

ചീഫ് എഞ്ചിനീയർ

P 05